വിദ്യാഭ്യാസവിഷയത്തിൽ അധഃകൃതർക്കും സ്ത്രീകൾംക്കും ഗവണ്മെൻറുചെയ്തുവന്നിരുന്ന ആനുകൂല്യം എടുത്തുകളയാൻപാടില്ല. നേരെമറിച്ചു കൂടുതൽ ആനുകൂല്യം നൽകുകയാണു് വേണ്ടതു്. വിദ്യാഭ്യാസത്തിനുള്ള വ്യയത്തിൽ മുക്കാൽഭാഗം സാമാന്യവിദ്യാഭ്യാസത്തിനായി വിനിയോഗിക്കേണ്ടതാണു്. ഭൂരിപക്ഷം ജനങ്ങളും തുലോംനിസ്തുതിയാണല്ലൊ വിദ്യാഭ്യാസവകുപ്പിനായി ചിലവാക്കുന്നതു്. ഭൂരിപക്ഷം പ്രജകളുടെ സുഖമാണു രാജ്യഭരണത്തിന്റെ ഉദ്ദേശം. ഇവിടത്തെ ഭൂരിപക്ഷം ജനങ്ങൾംക്കു സാമാന്യ വിദ്യാഭ്യാസത്തിനു ശക്തിയുള്ളു. അവക്കു പഠിക്കുന്നതിനു സ്കൂളുകളൊ മറ്റുസൌകര്യങ്ങളൊ വേണ്ടപോലെ ഇല്ല; അതു ഗവണ്മെൻറുണ്ടാക്കികൊടുക്കേണ്ടതാണു്. അതിനാൽ വിദ്യാഭ്യാസവകുപ്പിനുള്ളവ്യയത്തിൽ മുക്കാൽഭാഗവും പ്രാഥമിക വിദ്യാഭ്യാസത്തിനായി ചിലവിടണം. കാൽ പങ്കുമാത്രമേ ഉയന്ന വിദ്യാഭ്യാസത്തിനായി വിനിയോഗിക്കാവു. ഇതിനും പുറമെ III Form വരെയുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം എല്ലാവർക്കും സിദ്ധിക്കത്തക്കവണ്ണംഅതു് Free ആക്കുകയും വേണം.കഴുത്തുവരെ താഴെ ചെളിയിൽപുതഞ്ഞിരിക്കുമ്പോൾം ശിരസ്സുമാത്രം ഉപരിസ്ഥിതിൽ മുട്ടുന്നതിനായി ആഗ്രഹിക്കുന്നതു് അബദ്ധമാണല്ലൊ. അതുപോലെ ഭൂരിഭാഗജനങ്ങളും വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുമ്പോൾം ധനവാന്മാരുടെ ഉന്നതവിദ്യാഭ്യാസത്തിനായി മാത്രം കൂടുതൽ പണം ചിലവാക്കുന്നതുഒട്ടുംശരിയല്ല. സാമാന്യജനങ്ങളുടെ വിദ്യാഭ്യാസത്തെ ആശ്രയിച്ചാണു ഒരു രാജ്യകോശത്തെ പരിപുഷ്ടിയും നിലനിൽക്കുന്നതു്. പല തരത്തിലുള്ള കഷ്ടതകൾം നിരന്തരം അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണു സാമാന്യജനങ്ങൾം. ഇങ്ങനെ രാജ്യത്തെ പോഷിപ്പിച്ചുകൊണ്ടിരിക്കുന്ന വിവിധ സമുദായങ്ങളിൽപ്പെട്ട സാമാന്യജനങ്ങൾംക്കു ദരിദ്രരും കൂലിവേലക്കാരും, തൊഴിലാളികളും കൃഷിക്കാരും, നാട്ടിൻപുറത്തുകാരുമായ ജനവിഭാഗങ്ങൾംക്കു സാമാന്യ വിദ്യാഭ്യാസം ഉണ്ടാക്കിക്കൊടുക്കേണ്ടതത്യാവശ്യമാണു്. ഈ വിധത്തിലായിരിക്കണം വിദ്യാഭ്യാസചിലവിനെ ക്രമപ്പെടുത്തുവാൻ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

തൊഴിലഭ്യസനംകൂടി ഇവർക്കു നൽകേണ്ടതാണ്. പ്രാഥമിക വിദ്യാഭ്യാസത്തോടുകൂടിതന്നെ ചില കൈത്തൊഴിൽ വിദ്യാഭ്യാസംകൂടി നൽകണം. അതിനായി വ്യവസായഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ ചെറിയ വ്യവസായശാലകളും താലൂക്കുതോറും പാഠശാലകളെങ്കിലും ഏർപ്പെടുത്തുണ്ടാക്കണം. ബാല്യത്തിലെതന്നെ കൃഷിയിലും വ്യവസായത്തിലും അഭിരുചി ജനിക്കത്തക്കവണ്ണമുള്ള വിദ്യാഭ്യാസമാണു നൽകേണ്ടത്. ഇങ്ങനെ ബാല്യത്തിലെതന്നെ അവരെ ശീലിപ്പിക്കുന്നപക്ഷം പ്രായമാകുമ്പോൾ അവർ തൊഴിലിൽ അഭിരുചിയുള്ളവരായിത്തീരും. പാഠപുസ്തകങ്ങളും തൊഴിലിൽ അഭിരുചി ഉണ്ടാക്കുന്ന തരത്തിലുള്ളവയായിരിക്കണം. ഓരോതാലൂക്കിലും പാഠശാലകളോടുചേർത്ത് ഓരോ ചെറിയകൃഷിത്തോട്ടങ്ങളുമുണ്ടാക്കണം. പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന ബാലികാബാലന്മാർ തോട്ടങ്ങളിൽചെന്നു ചില്ലറകൃഷികാര്യം ചെയ്യുകയും, ചെടികളും ലതകളും വളരുന്നതും പുഷ്പിക്കുന്നതുംകണ്ടു പ്രകൃതിയിലുള്ള വികാസങ്ങളെ അവർ മനസ്സിലാക്കുകയും, അവരുടെ മനസ്സുകാനാനാവിധമായ കാർഷികചിന്തകളിൽ വ്യാപരിക്കയും ചെയ്യുന്നതിന് ഇടയാകത്തക്കവണ്ണമുള്ള സൌകര്യവും ബാല്യത്തിലെതന്നെ ഉണ്ടാക്കികൊടുക്കേണ്ടതാണ്. അതുപോലെതന്നെ വ്യവസായപരമായ പരിശീലനവും നൽകണം. കുറെ പ്രായമായാൽ പിന്നീട് അതു സാധിക്കുകയില്ല. ഇതിനെത്തക്കവണ്ണം വിദ്യാഭ്യാസനയത്തെ ക്രമീകരിക്കണം. ഇതുയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): Sir, Mr. Kunjukrishna Pillai has rightly given the dicussion a general turn which affords much scope for succeeding speakers to deal at length with the general policy of the Department. To me, Sir, the Education Department is the most important Department in the State not only because it consumes the largest portion of our revenues but also because the policy pursued by it affects the present and the future generations. So it ought be the look-out of every patriotic Travancorean to see that even a single pie is not unnecessarily or unprofitably spent upon the department. It is in consideration of this, it is because one is inspired with this notion of things, with these patriotic feelings, that one is tempted to pass remarks on the defects of the system of education obtaining in the country. I am sorry, Sir, I have to explain myself at such length. I do so because I was very much grieved to see yesterady Mr. McAlpine remarking that I was personally attacking him. I am thankful to the Chair for the promptitude and the sense of justice with which he was checked.

To which stage are we drifting? Till very recently it had not been the look-out of those who were in charge of education to see how

LIBRARY ARCHIVES Kerala Legislative Assembly

far they have progressed, to see how far they have contributed to the general welfare of the country. The reports of the Education Department in recent years show us that those points have engaged the attention of the authorities. I could give the House a few of such points just to show that those points are only mentioned but not acted upon, and only neglected because we see the first and the foremost duties of those who are in charge of eduction is to go into the question of the educational receipts of the country and to see whether there is any possibility for augmenting those receipts without throwing any additional burden on the people. Secondly, there is the very important question of schools under private management. We are not informed of the extent of hardship to which private school employees are put on account of the whims and caprices of the managers. It was suggested by Mr. Kunjukrishna Pillai that collegiate education is very expensive now. That was also one of the points to which the attention of Government was drawn once upon a time by the Director of Public Instruction. So, we have also to go into the question of the *per capita* expenditure among students in colleges. Another question is vocational education which was referred to by Mr. Karunakaran. The Unemployment Committee has rightly pointed out that there is much to be remedied in our system of education. There is a very great degree of unemployment among the educated classes. Unemployment among the educated classes means, as history tells us, something which the State should not welcome. That point has not been touched upon in the last year's report. Then, there is the question of the amalgamation of vernacular and English education to secure a better policy in respect of general education. I wish to ask the Director of Public Instruction whether he has considered any of these points in his Administration Reports for 1105 and 1106. As was read out by Mr. Kunjukrishna Pillai, in 1105, he had been in the country only for a short time and so could not attend to the work. Of course, that is not the kind of remark we expected from one who possesses educational experience. With the material before him, he could have done something for the education of the country. Anyway, we allowed him to stand on that excuse there. But in 1106, what does he say? I expected much from him in his Report for 1106. But this is what he says: "It is exceedingly difficult for the Director to tour extensively. New scheme....."

That is how he has been guiding the destinies of the Department. There is one other remark he offered and that is a remark which certainly Government should not pocket without some indignation. The remark is that the country is full of communal strife. It does not look well that the Head of a Department should record that fact. It is also open to doubt, and it is a questionable point to which we do not subscribe ourselves. Can he make a record of such a point in the Report of the Department?

MR. P. S. MAHOMED (*Nominated*): റിപ്പോർട്ടിലെഴുതിയിരിക്കുന്ന അ വാസ്തവമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): It is no true, Sir. According to me it is not true. Moreover, what are the Government here for? Moreover, Mr. McAlpine says that it is discernible to one who comes from outside. It looks very ugly when such a statement is made in a report intended for the information of the public. So, my submission is that these points ought to have engaged the attention of the Director in the preparation of his report. This is a report which is in the nature of a balance sheet of a joint stock company. There is absolutely no constructive suggestion in his report, in spite of the fact that every committee, that was formed from time to time by Government, demanded, of those who are in charge of educational policy, the inauguration of an improved policy. If those who are in charge of education are going to manage things like this, my point is that not only, as suggested by Mr. Kunjukrishna Pillai, the Directorate should be abolished, but the whole department should be abolished. We are spending so much on the department. If Government are going to allow this department to go on like this, it would be criminal on our part to be parties to the allotment of such huge sums on such a useless department.

MR. N. K. KRISHNA PILLAI (*Neyyattinkara*): Sir, I also support the motion of Mr. John Joseph. I fully endorse the views expressed by several members of this House in favour of a fee concession for both the depressed classes and women. I had adverted to this subject in my general discussion on the Budget, and, I believe, in repeating that over again, I am only voicing the opinion of the general public and the discontent prevailing amongst them. Sir, what the people now want is not a curtailment of the *concession* given to women in point of fees but a curtailment given in the rate of *fees* paid by the boys. It is at such a juncture that the Government have come forward with a proposal to curtail even the concession already extended to the girl students. Government may ask "How are we to recoup the amount we expect by this step?" I would say, Sir, that there is ample scope for retrenchment, by way of reducing the salaries of the high-paid teachers in English Schools and the Professors in the Colleges. I shall seize this opportunity to refer to a particular subject which I wanted to speak about under another motion. I think I had better deal with it now as otherwise I may not be able to speak on the subject at all; I am not sure whether I would be able to move the other motion. Sir, serious hardship is caused to a certian section of teachers, namely, the undergraduate teachers who have graduated themselves after entering service. There are, at present, I think, more than fifty of them, and some have taken the L. T. degree as well. Most of them have long teaching experience. It has been the policy of the Government to absorb them in the provincial scales as vacancies arise. But, unfortunately, their case now seems to be neglected. Their claims are being ignored when graduate vacancies arise.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Am I to understand that when these people were available fresh hands were taken from outside?

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. KRISHNA PILLAI (*Neyyattinkara*): Yes. I know Mr. McAlpine has been making attempts to rectify the mistake; but the extent of relief which they deserve has not been given them. With these words I support the motion.

MR. K. C. CHANDI (*Minachil* cum *Devicolam*): Sir, I associate myself with the observations of the mover of the motion; and in doing so, I wish to make a few remarks. My friend Mr. Asan referred to the delay caused in the disbursement of the stipends to the teachers undergoing traning. There is the same inordinate delay in the disbursement of grants-in-aid also. The policy of the department has been laid down to be the better encouragement of grants-in-aid institutions. But, Sir, it appears the moment some recalcitrant member of the staff of a grant-in-aid institution puts in a petition before the Inspecting Officer or the Director, the grant-in-aid to that institution is automatically withheld by the department pending enquiry of the complaint. Sometimes the enquiry is kept pending for two or three years, and all the while the institution finds it difficult to carry on its work; and the managers have to borrow. This policy, Sir, is far from advisable. This tendency of withholding grants is particularly visible in the vernacular branch of the department.

MR. K. P. NILAKANTA PILLAI (*Chirayinkil*): Has the member enquired on what grounds the grant-in-aid was suspended?

MR. K. C. CHANDI (*Minachil* cum *Devicolam*): I am not referring to any particular instance. It is a matter of general complaint. To remedy this defect, I would suggest that the power given to the Inspecting Officers, to withhold grants pending enquiry of complaints, may be withdrawn. If, after enquiry, it is found that the intstitutions are not working according to the rules of the department, the grant may then be withheld as a sort of punishment. Punishment need not be inflicted before an enquiry is made and before it is found that the institution is working against the rules of the department.

MR. A. THANU PILLAI (*Trivandrum*): Who is the officer who has the power to withhold grants ultimately?

MR. K. C. CHANDI (*Minachil* cum *Devicolam*) I think the Director of Public Instruction withholds the grants at the instance of the Inspecting Officers.

The second point that I wish to bring to the notice of the House is the dissatisfaction prevalent among the under-graduate teachers in the vernacular branch of the department. The pay of the under-graduates in the English branch is Rs. 25 to 40 while in the vernacular branch it is only Rs. 20 to 25. The work turned out by both is the same. Their qualifications are the same. Then, why not the teachers in the vernacular branch also be paid similarly? It is a matter which the Government should take into consideration. With these observations I support the motion before the House.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അധ്യാപകർക്ക ഫീസ് സൌജന്യം നൽകണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tarakan.]

ലിക്കുന്നു. മി: ദാമോദരൻ അശാൻ പറഞ്ഞതുപോലെതന്നെ സ്ത്രീവിദ്യാഭ്യാസത്തിനു കോളേജിൽ മുഴുവൻ ഫീസുകൊടുക്കണമെന്നും മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലും മുമ്പിലത്തെ ഫീസിൽനിന്നും കാൽ ഭാഗംകൂടി കുട്ടി മുക്കാൽഫീസ് കൊടുക്കണമെന്നും വ്യവസ്ഥചെയ്തിരിക്കുന്നതു തിരുവിതാംകൂറിലെ ഇന്നത്തെ സ്ത്രീവിദ്യാഭ്യാസത്തിന്റെ നിലയ്ക്കു അശേഷം യോജിച്ചതല്ല. ഒരു പുരുഷനു ഒരു സ്ത്രീ വീതം വിദ്യാഭ്യാസമുള്ളതായിപോലും കാണുന്നില്ല. സ്റ്റാറ്റിസ്റ്റിക്കിൽനിന്നും അതാണു മനസ്സിലാകുന്നതു്.

MR. A. NARAYANA PILLAI (*Vaikam*): സ്ത്രീവിദ്യാഭ്യാസം ഉണ്ടെന്നു പറയുന്നതെവിടെയാണ്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): പട്ടണങ്ങളിലാണ്.

MR. A. NARAYANA PILLAI (*Vaikam*): സ്ത്രീവിദ്യാഭ്യാസത്തിന് ഏതെല്ലാം താലൂക്കുകളിൽ സൌകര്യമുണ്ട്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): തിരുവനന്തപുരത്താണ് അധികവും സൌകര്യം; കോട്ടയത്തും ഏതാണ്ടു ചില സൌകര്യങ്ങളുണ്ട്.

ഈ നിയമസഭയിലെ ലേഡിമെമ്പർ കഴിഞ്ഞ ബഡ്ജറ്റ്വിമർശനത്തിൽ Co-Education നടപ്പിൽ വരുത്തിയാൽകൊള്ളാമെന്നു അഭിപ്രായപ്പെടുകയുണ്ടായി. പെൺകുട്ടികളുടെ ഫീസുവർദ്ധിപ്പിക്കുന്നതിൽ ഭേദം, ലേഡിമെമ്പറുടെ അഭിപ്രായംസ്വീകരിച്ചു ഏതാനും പള്ളിക്കൂടങ്ങൾ നിർത്തുകയായിരുന്നു നല്ലതു്. അങ്ങിനെചെയ്തു ഉദ്യോഗസ്ഥന്മാരിൽ കുറെപേരെ പിരിച്ചുവിടുന്നതിനുപകരം ഇവിടെയുള്ള കുട്ടികളുടെമീതെ ഫീസ്ഭാരംകയറ്റുകയാണു ഗവണ്മെൻറുചെയ്യുന്നതു്.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): മെമ്പർ പെൺകുട്ടികളുടെ കാര്യമല്ലെ പറയുന്നതു്? (ചിരി)

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അതെ.

അധ്യാപകരുടെ ഫീസുവർദ്ധിപ്പിക്കണമെന്നും ഫീസുകൊണ്ടു മതിയാകുന്നില്ലെന്നുംകണ്ടഗവൺമെൻറിനു പ്രൊഫസർമാരുടെ ശമ്പളം ൧൦൦ രൂപായിൽ കവിയരുതെന്നു വ്യവസ്ഥചെയ്യാമായിരുന്നു. ഇതു് ഈ നിയമസഭതന്നെ പലപ്പോഴും പറഞ്ഞിട്ടുള്ള ഒരുസംഗതിയാണ്. ഗവൺമെൻറു അതുചെയ്യാതെ ഈപാവപ്പെട്ട കുട്ടികളുടെ മീതെ കയറുന്നതു് ഒരിക്കലും നീതീകരിക്കത്തക്കതല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. NARAYANA PILLAI (*Vaikam*): ഇവിടെ ആവശ്യത്തിലധികം പ്രൊഫസർമാരുണ്ടോ?

MR. K. P KOCHUKORA TARAKAN (*Kunnatnad*); ആവശ്യത്തിലധികമുണ്ട്; ആവശ്യത്തിലധികം ശമ്പളവുംകൊടുക്കുന്നുണ്ട്. എന്നതന്നെയല്ല ഈശമ്പളം കൊടുക്കുന്നതധികവും തിരുവിതാംകൂർകാക്കുമല്ല (മി: ഇ. വി. കൃഷ്ണപിള്ള. ഹീയർ, ഹീയർ) പെൺകുട്ടികളുടെ ഫീസു വർദ്ധിപ്പിക്കുന്നതുകൊണ്ടു ഗവൺമെൻറു കിട്ടുമെന്നു ഉദ്ദേശിക്കുന്നതുക നൂറു, ൦ ൦ ൦ രൂപായാണ്. എന്നാൽ വിമൻസുകാളേജ് തന്നെ നിത്തി Co Education തുടങ്ങുന്നപക്ഷം ഗവൺമെൻറിനു ഈ ഫീസു വർദ്ധിപ്പിക്കാതെതന്നെ ൬ ഫ, ൦ നൂറു രൂപാ കാളേജിനുള്ള ചിലവെങ്കിലും ലാഭമായികിട്ടുമായിരുന്നു.

ഇതിനുംപുറമെ പെൺകുട്ടികളുടെ ഫീസുവർദ്ധിപ്പിച്ചതുതന്നെ സ്കൂൾവർഷത്തിന്റെ ആരംഭത്തിലല്ല. റിട്ടഞ്ചുമെൻറുകമ്മിറ്റി നേരത്തെ തന്നെ ആരംഭിച്ചുവെങ്കിലും സ്കൂൾതുറന്നു മൂന്നുമാസംപോയ്ശേഷമാണു ഫീസുകൂട്ടൽ തരണമെന്നു ആവശ്യപ്പെട്ടതു്. മി: രാഘവയ്യായുടെകാലത്തു ഫീസുവർദ്ധിപ്പിച്ചതിനെസംബന്ധിച്ചു ബഹളമുണ്ടാവുകയും വിദ്യാർത്ഥികളെ വേട്ടയാടുകയും ചെയ്തു. എന്നാൽ ഇപ്പോഴം പെൺകുട്ടികളായതുകൊണ്ടു അതിനു് ഇടയായില്ല. അതിനാൽ സ്കൂൾവർഷത്തിന്റെ മദ്ധ്യത്തുവച്ചു ഫീസുകൂട്ടുന്നതു് ഒരിക്കലും ന്യായമായിട്ടുള്ളതല്ല.

സ്ത്രീകൾ വിദ്യാഭ്യാസത്തിൽ അത്രത്തോളം ഉയർന്നുവന്നിട്ടില്ല. ഇന്നു് ആകപ്പാടെ രണ്ടുസ്ത്രീകളെ ബി. എൽ. പാസ്സായിവക്കീലന്മാരുടെകൂട്ടത്തിലൊള്ളൂ. അതുകൊണ്ടു സ്ത്രീകൾ പുരുഷന്മാരോടൊപ്പംതന്നെ വിദ്യാഭ്യാസത്തിൽ മുന്നോട്ടുവന്നു എന്നുവിചാരിക്കുവാൻ പാടുള്ളതല്ല

ഫിനാൻഷ്യൽ സെക്രട്ടറി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ (Page 13) വർണാകുലർ സ്കൂൾസ് (Overlap) ചെയ്യപ്പെട്ടുണ്ടെന്നു പറഞ്ഞു. ഒന്നുകിൽ എഡ്യൂക്കേഷൻഡയറക്ടർ സഞ്ചരിച്ചു് ഇതിന്റെ യഥാർത്ഥ്യം മനസ്സിലാക്കാത്തതുകൊണ്ടോ അല്ലെങ്കിൽ ഫിനാൻഷ്യൽസെക്രട്ടറിയുടെ ഈ കാര്യത്തിലുള്ള അജ്ഞതകൊണ്ടോ ആണു് ഇങ്ങനെ പറഞ്ഞതെന്നു വിചാരിക്കുവാൻ തരമൊള്ളൂ. മൂവാറ്റുപുഴ, കുന്നത്തുനാടു, തൊടുപുഴ, കുന്നത്തൂർ മുതലായ താലൂക്കുകളിൽ പള്ളിക്കൂടങ്ങൾ വളരെ കുറവാണെന്നു മി: കുഞ്ഞിത്തൊമ്മൻ ഇവിടെ വായിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tarakan.]

ലിസ്റ്റിൽനിന്നും കാണാം. അവിടങ്ങളിൽ നാട്ടുകാരുടെ കയ്യിൽന്നിന്നും പണം ചിലവുചെയ്യ കെട്ടിടം പണിയിച്ചു സൗകര്യമാനങ്ങളും ഉണ്ടാക്കി പള്ളിക്കൂടത്തിനു ഗ്രാൻറു വേണമെന്നാവശ്യപ്പെട്ടിട്ടുപോലും കൊടുക്കാൻ ഭാവമില്ല. എന്നാൽ പട്ടണങ്ങളിൽ രണ്ടും മൂന്നും സ്കൂൾ അനുവദിച്ചുകൊടുക്കുന്നതിനു ഒരു മടിയും കാണിക്കുന്നുമില്ല.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ധാരാളം സ്കൂളുകളുള്ള സ്ഥലത്തെപ്പറ്റിയല്ല, പറഞ്ഞതെന്തെന്നു മെമ്പർക്കറിയുമോ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഫിനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽഇങ്ങനെയാണു കാണുന്നതു്.

"There is at present an overlapping of the vernacular schools in the State and the matter is engaging the attention of Government."

ഇതു ഫിനാൻഷ്യൽ സെക്രട്ടറി മനഃപൂർവ്വമായി പറഞ്ഞതാണെന്നു ഞാൻ പറയുന്നില്ല. എവിടെയാണു സ്കൂൾ കൂടുതലുള്ളതു്, എവിടെയാണു കുറവുള്ളതു എന്നന്വേഷിക്കാതെയാണ് ഇങ്ങനെ ഒരു പ്രസ്താവനയെഴുതിക്കൊടുത്തതു്. ഡയറക്ടർ ശരിയായി സക്കീട്ടുചെയ്തിരുന്നാൽ ഇങ്ങനെ ഒരു തെറ്റു ഗവണ്മെൻറിനു വരികയില്ലായിരുന്നു. ഡയറക്ടർ ശരിയായി സക്കീട്ടുചെയ്യുന്നില്ലെന്നു കാണിക്കുവാനാണ് അദ്ദേഹത്തിൻെറ സഞ്ചാരപ്പടിയിൽ ഒരു ചെറിയ തുക കുറയ്ക്കണമെന്നുള്ള ഉപക്ഷേപം കൊണ്ടുവന്നാൽ ഞാൻ അനുകൂലിക്കാമെന്നു പറഞ്ഞതു്.

മലയാളം അറിഞ്ഞുകൂടാത്ത ഡയറക്ടരെ നിയമിക്കുന്നതുകൊണ്ടു പല വിഷമങ്ങളുമുണ്ടു്. ഇവിടെ അധികവും മലയാളം മാത്രം അറിയാവുന്ന അദ്ധ്യാപകന്മാരാണുള്ളതു്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ ആവശ്യമുള്ള ഫാറങ്ങളെല്ലാം ഇംഗ്ലീഷാണ്. അതു എഴുതേണ്ടവക്കു ഇംഗ്ലീഷ് അറിഞ്ഞുകൂടാ. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലെ കാസ്റ്റ്വാർ സ്റ്റോറുമെൻറു ചോദിച്ചാൽ എളുപ്പം കിട്ടാത്തതിൻെറ രഹസ്യം ഇതാണു്. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവർവേണം അതു തയ്യാറാക്കി അയക്കാൻ. അതു തയ്യാറാക്കുന്നതിനു അവക്കു് വല്ല ഇംഗ്ലീഷ് അറിയാവുന്നവരേയും കാണിക്കാതെ തരമില്ല. ഈ സ്ഥിതിക്കു് അവർ സ്റ്റോറുമെൻറു തരാത്തതിൽ കുറവുണ്ടോ? ഡയറക്ടർ ആഫീസിൽ ഒരു പെർസനൽ അസിസ്റ്റൻറുണ്ടു്. അദ്ദേഹത്തിനു മലയാളം അറിഞ്ഞുകൂടാ. തമിഴുമാത്രമേ അറിയാവൂ. മലയാളം അറിയാവുന്ന ഒരു പെർസനൽ അസിസ്റ്റൻറു ഡയറക്ടർ ആഫീസിലുണ്ടായിരുന്നാൽ ഈ വിഷമം ഡയറക്ടരെ പറഞ്ഞു മനസ്സിലാക്കുമായിരുന്നു. പ്രൈമറിസ്കൂളു

LIBRARY ARCHIVES Kerala Legislative Assembly

കളുമായി നടത്തുന്ന എഴുത്തുകുത്തുകൾ മുഴവനും മലയാളത്തിലായിരുന്നാൽ മാത്രമെ ശരിയായ മറുപടി കിട്ടുകയൊള്ളു.

MR. K. C. CHANDI (*Minachil cum Devicolam*) : ഡയറക്ടർഅപ്പീസ്സ്റ്റാഫിൽ മലയാളം അറിയാവുന്നവരൊ തമിഴ് അറിയാവുന്നവരൊ അധികമുള്ളത്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അതെ പറ്റെ പേരുള്ളതിൽ ഏൻ ബ്രാഹ്മണരും പറ നായരും പറ മാപ്പിളമാരുമാണുള്ളത്.

MR. K. GEORGE (*Chief Secretary to Government*) : വർണാക്യുലർ സ്കൂളുമായുള്ള എഴുത്തുകുത്തുകളൊക്കെ അസിസ്റ്റന്റ് ഇൻസ്പെക്ടർമാരാണ് നടത്തുന്നതെന്നറിയാമൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഡയറക്ടർ ആഫീസിൽ നിന്നും എഴുതി ഇൻസ്പെക്ടർക്കയച്ച ഇൻസ്പെക്ടർ മുഖാന്തിരമായിരിക്കാം വെർണാക്യുലർ സ്കൂളിലേക്കയക്കുന്നത്, അങ്ങിനെ അല്ലെന്നു ഞാൻ ശഠിക്കുന്നില്ല. എന്നാൽ ഡയറക്ടരാഫീസിൽ നിന്നും തന്നെ വെർണാക്യുലർ സ്കൂളുകൾക്കയക്കേണ്ട ചില പ്രത്യേക ഫാറങ്ങളുണ്ട്, അതെല്ലാം ഇപ്പോൾ സൈക്ലോസ്റ്ററയിൽ ചെയ്യയക്കുകയാണു. രണ്ടായിരത്തിൽ ചിലപ്പോൾ സ്കൂളുകളുള്ള ഈ രാജ്യത്തു ഇങ്ങനെയുള്ള ഫാറങ്ങൾ മലയാളത്തിൽ തന്നെ പ്രിൻറു ചെയ്യുന്നതു കൊണ്ടു ഗവണ്മെൻറിനു ലാഭമെല്ലാതെ നഷ്ടമില്ല. എന്നാൽ ചിലപ്പോൾ സൈക്ലോസ്റ്ററയിലിൽ എഴുതാതെ ഇംഗ്ലീഷ് ഫാറങ്ങൾ തന്നെ വെർണാക്യുലർ സ്കൂളുകളിലേക്കയച്ചു കൊടുക്കുന്നുണ്ട്. അതു നിമിത്തം ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത അദ്ധ്യാപകന്മാർ അയക്കുന്ന റിപ്പോർട്ടുകളൊന്നും തന്നെ വിശ്വസിക്കാൻ വയ്യാതെയാണിരിക്കുന്നത്. ഈ സംഗതിയിൽ ഗവണ്മെൻറിന്റെ ശ്രദ്ധ പ്രത്യേകം പതിയണം.

അധ്യാപകർക്കു ഫീസ് വർദ്ധിപ്പിച്ചതിനെ സംബന്ധിച്ച മി: ജാൻ ജോസഫ് പറഞ്ഞതിൽ നിന്നും എനിക്കു രണ്ടു വാക്കുകൂടി കൂടുതൽ പറയുവാനുണ്ട്. മി: ജോസഫ് ഫീസു കുറച്ച തരണമെന്നു മാത്രമേ പറഞ്ഞൊള്ളു. എന്നാൽ അധ്യാപകരുടെ പേരോടുകൂടി "കമലമ്മ" പങ്കജാക്ഷിഅമ്മ" എന്നിങ്ങനെ "അമ്മ" എന്നു ചേർത്തുകഴിഞ്ഞാൽ മാക്കവാറും അവരെ സ്കൂളിൽ പ്രവേശിപ്പിക്കയില്ല, അഥവാ പ്രവേശിപ്പിച്ചാൽ ഫീസു കൊടുക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇങ്ങനെയുള്ള പല സംഗതികളും എനിക്കു തന്നെ അനുഭവമുണ്ട്. ഇങ്ങനെ അവരുടെ മുന്നോട്ടുള്ള ഗതികളെ തടഞ്ഞുള്ള സ്കൂൾ അധികാരികളുടെ പ്രവർത്തിയെ സംബന്ധിച്ച ഡയറക്ടർക്കു പരാതി പോയിട്ടുണ്ടെന്നാണ് എ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tarakan]

ന്റെ അറിവു. പരാതി അയക്കുന്നതിൽ തന്നെ മറെറാരു വിഷമമുണ്ടു്. തിരുവിതാംകൂറിൽ ൻ൦ ശതമാനവും ഇംഗ്ലീഷ് അറിയാൻ പാടില്ലാത്തവരായതുകൊണ്ടു അവർ പരാതി അയക്കുന്നതൊക്കെ മലയാളത്തിലെ ആയിരിക്കയൊള്ളു. സായിപ്പിനു മലയാളം അറിഞ്ഞുകൂടാത്തതുകൊണ്ടു ഇങ്ങനെ മലയാളത്തിൽ എഴുതിവരുന്ന പരാതികളെല്ലാം ചവറു കൂട്ടയിൽ തള്ളുന്നതിനാണെളുപ്പം.

MR. N. K. KRISHNA PILLAI (*Neyyattinkara*): പെൺകുട്ടികളുടെ മലയാളം പള്ളിക്കൂടം ഇൻസ്പെക്ടറായി മലയാളം അറിയാൻ പാടില്ലാത്ത ഒരു സ്ത്രീയെ നിയമിച്ചിരിക്കുന്നതു ശരിയാണൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അവക്കു മലയാളത്തിൽ പരീക്ഷകളൊന്നുമില്ലെങ്കിലും മലയാളം പറഞ്ഞാൽ അറിയാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇൻസ്പെക്ടസിനു മലയാളവും തമിഴും അറിഞ്ഞുകൂടെ?

MR. K. P. KOCHUKORA TARAKAN (*Kunnatna*): എനിക്കറിഞ്ഞു കൂടാ. ഞാൻ മലയാളത്തെ സംബന്ധിച്ചു മാത്രമേ പറയുന്നൊള്ളു.

MR. M. P. MADHAVAN PILLAI (*Tiruvalla*): സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇന്നു് ഇവിടത്തെ വിദ്യാർത്ഥികൾക്കു ആഹാരത്തിനും വസ്ത്രത്തിനുംകൂടി വളരെ വിഷമമായിരിക്കുന്നു എന്നും സാമ്പത്തിക അധഃപതനത്തിനു ഒരു ശമനം വരുന്നതുവരേയെങ്കിലും സ്കൂൾഫീസിന്റെ നിരക്കു കുറവുചെയ്യുകിട്ടണമെന്നും ജനങ്ങളുടെ ഇടയിൽ മുറവിളി കൂട്ടിക്കൊണ്ടിരുന്ന ഒരു ഘട്ടത്തിലാണു പെൺകുട്ടികളുടെ ഫീസു വർദ്ധിപ്പിച്ചതെന്നു എന്റെ ബഡ്ജറ്റ് വിമർശനപ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ൨,൨൯,൦൦,൦൦൦ രൂപായാളം പലവിധത്തിലുള്ള ആഡംബരങ്ങൾക്കായി ചിലവ്ചെയ്തുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തിൽ പെൺകുട്ടികളുടെ ഫീസിനത്തിൽ ഒരു തുഛമായതുക വർദ്ധിപ്പിച്ചതുകൊണ്ടു എന്താണു പ്രയോജനം. ഇങ്ങനെ വർദ്ധിപ്പിച്ചിട്ടുള്ളതു ജനഹിതത്തിനു വിപരീതമായ ഒരു പ്രവൃത്തിയാണെന്നു തന്നെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസപരിഷ്കാരത്തേപ്പറ്റിയാണു ഇനി എനിക്കു ഒന്നരണ്ടു വാക്കു പ്രസ്താവിക്കാനുള്ളതു്. സർ, ഒരു രാജ്യത്തിന്റെ സാമ്പത്തികവും, സാമൂഹ്യവും, സംസ്കാരപരവും, രാഷ്ട്രീയപരവുമായ അഭിവൃദ്ധി ആ രാജ്യത്തെ വിദ്യാഭ്യാസത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ഒരുത്തന്റെ ജീവിതയാത്രയെ പ്രയോജനകരമായവിധത്തിൽ നിയന്ത്രിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള പരിശീലനവും ശിക്ഷണവും ലഭിക്കുന്നതു അയാളുടെ വിദ്യാ ത്ഥിജീവിതത്തിൽനിന്നുമാണല്ലോ. എല്ലാ ഗവണ്മെൻറുകളും, സമുദാ യനേതാക്കന്മാരും രാജ്യതന്ത്രജ്ഞന്മാരും എന്നുവേണ്ട സകലരുംതന്നെ വിദ്യാഭ്യാസവിഷയത്തിൽ വലിയ ശ്രദ്ധപതിപ്പിക്കുന്നതിൻെറ പ്രധാന കാരണവും ഇതത്രെ. എന്നാൽ തിരുവിതാംകൂറിലേ വിദ്യാഭ്യാസ നില യേപ്പറ്റി ചിന്തിക്കുന്നതായാൽ ഇവിടത്തെ വിദ്യാഭ്യാസം വിദ്യാർത്ഥി കൾക്കു പരാശ്രയം കൂടാതെ ജീവിക്കുന്നതിനുള്ള പരിശീലനമാകട്ടെ അറിവാകട്ടെ നൽകുന്നില്ലെന്നുള്ള ഒരു പരമാർത്ഥം ഇവിടെ പറയാതെ തരമില്ല. വിദ്യാഭ്യാസവിഷയത്തിൽ വേണ്ട സഹായം നൽകിക്കൊണ്ടി രിക്കുന്ന ഗവണ്മെൻറിനെ ആശ്രയിച്ചു ഒരു സർക്കാരുദ്യോഗം സമ്പാദിച്ചു കാലയാപനം ചെയ്യുക എന്നുള്ളതാണ് വിദ്യാസമ്പന്നന്മാരായ ഇവിട ത്തെ യുവാക്കന്മാരുടെ ഏകാവലംബം. ഇങ്ങനെയുള്ള വർക്കെല്ലാം ഉദ്യോ ഗം നൽകുന്നതിനു ഗവണ്മെൻറിനു നിവൃത്തിയില്ലാതിരിക്കുന്നതിനാൽ ഭ്രമപാത്രമേ അനവസ്സുമുള്ള എത്രയൊ യുവാക്കന്മാർ യാതൊരു തൊഴിലുമി ല്ലാതെ അലഞ്ഞുതിരിയുന്നതുകാണുമ്പോൾ പശ്ചാത്തപിക്കയെന്നുള്ളതു ല്ലാതേ ഗത്യന്തരമില്ല. ഇപ്പോഴത്തെ കലാപരമായ വിദ്യാഭ്യാസം അ വശ്യമാണെങ്കിലും പരാശ്രയംകൂടാതെ ജീവിതം കഴിച്ചുകൂട്ടുന്നതിനു ഭാവി പൗരന്മാരെ പ്രാപ്തരാക്കിതീർക്കത്തക്കവണ്ണം വിദ്യാഭ്യാസത്തേ വ്യവസാ യപരമായ ഒരു രീതിയിൽ നടത്തിക്കൊണ്ടുപോകണമെന്നാണു എനിക്കു ഈ അവസരത്തിൽ ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു്. വി ദ്യാഭ്യാസവിഷയത്തിൽ തിരുവിതാംകൂർ ഗവണ്മെൻറിൻെറ ശ്രദ്ധ ഇതു തന്നെ പതിയാതിരുന്നകാലത്തു ജനങ്ങൾതന്നെ വളരെ പണിപ്പെട്ടനേകം കെട്ടിടങ്ങൾ പണിയിക്കുകയും പള്ളിക്കൂടം നടത്തുന്നതിനായി സ്ഥലങ്ങൾ വിട്ടുകൂടാതെ ഗവണ്മെൻറിനു വിട്ടുകൊടുക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇങ്ങനെ വിട്ടുകൊടുക്കുന്നതിനു ഒന്നുരണ്ടു പ്രധാനകാരണ ങ്ങൾ ഉണ്ടു്. ജനങ്ങൾതന്നെ കെട്ടിടം കെട്ടി പള്ളിക്കൂടം നടത്തു മ്പോൾ ഒരുപക്ഷേ വല്ല കാരണവശാലും കുഴപ്പങ്ങൾ വന്നുപോയാൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു അതുകൊണ്ടു തകരാറുകൾ വരാൻ പാടി ല്ലെന്നും, പല സമുദായക്കാരുംചേർന്നു കെട്ടിടം പണിയിച്ചിട്ടുള്ളതി നാൽ അവർതമ്മിൽ മാനേജ്മെൻറിനെപ്പറ്റി വല്ല അഭിപ്രായവ്യ ത്യാസവുംവന്നു എന്തെങ്കിലും ന്യൂനത സ്കൂളിനു വരാൻ പാടില്ലെന്നും, അതിനാൽ ഗവണ്മെൻറിനു വിട്ടുകൊടുത്താൽ ഈ വക ദുഷ്യങ്ങളൊന്നും കൂടാതെതന്നെ വിദ്യാഭ്യാസം ശരിയായി നടന്നുകൊണ്ടുപോകുമെന്നും വിചാരിച്ചാണു ജനങ്ങൾ പണിയിച്ചിട്ടുള്ള പള്ളിക്കൂടങ്ങളെല്ലാം ഗവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. P. Madhavan Pillai.]

ണ്മെൻറിനു വിട്ടുകൊടുത്തിട്ടുള്ളതു്. ജനങ്ങൾ ഇങ്ങിനെ ഒരു വമ്പിച്ച തുക ചിലവുചെയ്തു പണികഴിപ്പിച്ച കെട്ടിടങ്ങളിലെല്ലാം സമയാസമയങ്ങളിൽ കെട്ടിമേച്ചിൽ നടത്താറില്ല; പള്ളിക്കൂടത്തിനാവശ്യമുള്ള ബഞ്ചാകട്ടെ കസേരയാകട്ടെയില്ല; പള്ളിക്കൂടങ്ങളിലെ തറ നോക്കുകയാണെങ്കിൽ നടക്കുന്ന വഴിയെക്കാൾ കഷ്ടതരമാണ്; ഈ തരത്തിലാണു് ഇന്നു പള്ളിക്കൂടങ്ങളെ പരിചരിച്ചുവരുന്നതു്. ഈ സംഗതികളിലെല്ലാം എഡ്യൂക്കേഷൻ ഡയറക്ടരുടെ ശ്രദ്ധ പതിയണമെന്നു പ്രസ്താവിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. A. NARAYANA PILLAI (*Vaikam*) : സർ, ഇവിടെ വാദവിഷയമായിരിക്കുന്ന ഉപക്ഷേപത്തെ, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെപ്പറ്റി എനിക്കു പറയുവാനുള്ള അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടു് അനുകൂലിക്കുന്നു.

ഇപ്പോഴത്തെ വിദ്യാഭ്യാസരീതി നാട്ടുകാർക്കു്, നാട്ടിൻറെ ആവശ്യത്തിനൊ തീരെ യോജിച്ചതായ ഒന്നല്ലെന്നു വളരെ കാലമായി ആളുകൾ മുറവിളി കൂട്ടിവരികയാണു്. കഴിഞ്ഞകൊല്ലം ഈ സഭ ഇവിടെ കൂടിയിരുന്നപ്പോൾ തൊഴിൽപരമായ വിദ്യാഭ്യാസം ഈ നാട്ടിൽ നടപ്പിൽ വരുത്തുന്നുണ്ടെന്നും അതിലേക്കു തുക പ്രത്യേകമായി നീക്കിവച്ചിട്ടുണ്ടെന്നും ഞങ്ങളെ ധരിപ്പിക്കയും, അതിൻറെ പ്രാരംഭജോലികൾ തുടങ്ങുന്നുണ്ടെന്നു ഡയറക്ടർ അറിയിക്കുകയുംചെയ്തു. ഇപ്പോൾ സമർപ്പിച്ചിട്ടുള്ള എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറു റിപ്പോർട്ടിൽ ഗവണ്മെൻറു രേഖപ്പെടുത്തിരിക്കുന്നതിൻറെ രണ്ടാംവശത്തിൽ, തൊഴിൽ പരമായ വിദ്യാഭ്യാസം നടപ്പിൽവരുത്തുന്നതിനായി ഗവണ്മെൻറു വേണ്ട ആലോചന നടത്തി എന്നും അതിലേക്കായി ഹെഡ്മാസ്റ്റർമാരുടെ ഒരു കാൺഫറൻസു വിളിച്ചുകൂട്ടി എന്നും കാണുന്നുണ്ടു്. അതിനുശേഷം യാതൊന്നും നടന്നതായിട്ടു കാണുന്നില്ല എന്ന മാത്രമല്ല അടുത്ത കൊല്ലത്തേക്കു ഒരു പ്രൊവിഷനുംചെയ്തിട്ടുമില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി തൊഴിലില്ലാത്ത കുറെ ആളുകളെ ഇപ്പോഴുള്ളതിലും കൂടുതലായിട്ടു വർദ്ധിപ്പിക്കാൻ കഴിയുമെന്നല്ലാതെ മറ്റു യാതൊരു പ്രയോജനവുമില്ല. എന്നാൽ കുറെ മനഃപരിഷ്കാരം വർദ്ധിപ്പിക്കുന്നതിനു ഇപ്പോഴത്തെ വിദ്യാഭ്യാസരീതി സഹായിച്ചിട്ടുണ്ടെന്നു പറയാമെങ്കിലും പ്രായോഗികമായി ലോകത്തു ജീവിക്കാൻ ഒരുതരത്തിലും അതുപകരിച്ചുകാണുന്നില്ല. ഇത്തരത്തിലുള്ള ന്യൂനതകളെ പരിഹരിക്കുന്നതിനു അത്യാവശ്യമായ മാർഗ്ഗങ്ങളാലോചിച്ചു് അതിനു ഒരു പദ്ധതി രൂപീകരിച്ചു ഒരു പുതിയ വിദ്യാഭ്യാസനയം അനുവർത്തിക്കുകയെന്നുള്ളതാണു് ഒന്നാമതായി ചെയ്യേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി എനിക്കു പറയാനുള്ളതു സ്ത്രീവിദ്യാഭ്യാസത്തെപ്പറ്റിയാണു്. സ്ത്രീവിദ്യാഭ്യാസം മാനസീകപരിഷ്കാരത്തെ വർദ്ധിപ്പിക്കുമെന്നെല്ലാം ഉള്ള ഭാഗം സമ്മതിക്കാമെങ്കിലും ഇന്നു നടന്നുവരുന്ന രീതിയിലുള്ള വിദ്യാഭ്യാസമാണു് അവർക്കു മേൽ നൽകാൻ പോകുന്നതെങ്കിൽ ഇപ്പോഴത്തെ അവരുടെ നിലയിൽ നിന്നും സൌജന്യം എടുത്തുകളഞ്ഞതിൽ യാതൊരുവിധത്തിലും സങ്കടപ്പെടാനില്ലെന്നുള്ള മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായത്തോടു യോജിക്കാതെ തരമില്ല. ആവശ്യത്തിലധികം ബിരുദധാരികളായ സ്ത്രീകളെ നമുക്കിവിടെ കിട്ടിയിട്ടുണ്ടെന്നും അവർക്കു് ഉദ്യോഗംകൊടുക്കുവാൻ നിവൃത്തിയില്ലെന്നുംകമ്മിറ്റിക്കാർ പ്രത്യക്ഷപ്പെടുത്തിക്കഴിഞ്ഞു. മിസ്സസ് അന്നാചാണ്ടിയുടെ ചോദ്യങ്ങൾക്കു കിട്ടിയിട്ടുള്ള മറുപടികളിൽനിന്നും പലരും ഉദ്യോഗകാംക്ഷികളായിട്ടുണ്ടെന്നും അവർക്കെല്ലാം ഉദ്യോഗംകൊടുക്കാൻ സാധിച്ചിട്ടില്ലെന്നും കാണുന്നുണ്ടു്. അവർക്കു ഉദ്യോഗംകൊടുക്കാൻ നിവൃത്തിയില്ലെങ്കിൽ ജീവിതത്തിൽ ഉപകരിക്കേണ്ടതായ ശിശുസംരക്ഷണം ഗൃഹഭരണംതുടങ്ങിയുള്ള വിദ്യാഭ്യാസമാണു് അവർക്കു നൽകേണ്ടതു്.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*) : അതിലേക്കു ബി. എ ഡിഗ്രി ആവശ്യമാണൊ?

MR. A. NARAYANA PILLAI (*Vaikam*) : ആവശ്യമില്ല. കൂടുതൽ പണം ചിലവാക്കുന്നതിനു തയ്യാറുള്ളവർ ബി. എ-ക്കു പഠിക്കാൻപോയാൽ മതി.

MRS. ANNA CHANDI (*Nominated*) : ഇപ്പോഴത്തെ വിദ്യാഭ്യാസരീതി സ്ത്രീകൾക്കു പ്രയോജനമില്ലെന്നു കണ്ടിട്ടാണൊ റിട്ടഞ്ചുമെൻറുകമ്മിറ്റിക്കാർ സ്ത്രീകളുടെ സ്കൂൾഫീസു വർദ്ധിപ്പിച്ചതു ?

MR. A. NARAYANA PILLAI (*Vaikam*) : അവർക്കു് ആ ഉദ്ദേശം ഉണ്ടായിരുന്നു എന്നു എനിക്കു തോന്നുന്നില്ല. ഫീസു വർദ്ധിപ്പിച്ചാൽ ആ ഇനത്തിൽ കുറെ പണം ലഭിക്കുമെന്നുമാത്രമേ അവരുദ്ദേശിച്ചുകാണുകയൊള്ളൂ.

MRS. ANNA CHANDI (*Nominated*) : പണം ലഭിക്കുന്നതിനു വേറെ പല ഇനങ്ങളും ഉണ്ടായിരുന്നു എന്നു മെമ്പർക്കറിയാമൊ?

MR. A. NARAYANA PILLAI (*Vaikam*) . വേറെ ധാരാളം ഇനങ്ങളുണ്ടായിരുന്നു.

MRS. ANNA CHANDI (*Nominated*) : കൂടുതൽ പണമുണ്ടാക്കുന്നവഴി നോക്കുന്നതല്ലെ പെൺകുട്ടികളുടെ ഫീസു വർദ്ധിപ്പിക്കുന്നതിനെക്കാൾ നല്ലതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. A. NARAYANA PILLAI (*Vaikam*): അതായിരുന്നു നല്ലത്. എന്നാൽ ഈ ഫീസുകൊടുക്കുന്നതിനുള്ള സൗജന്യം എടുത്തുകളഞ്ഞതിനെക്കാൾ നല്ലതു അവരുടെ ഇന്നത്തെ വിദ്യാഭ്യാസരീതി ഭേദപ്പെടുത്തുകയായിരുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): സ്ത്രീകൾക്കു നല്ല വിദ്യാഭ്യാസമല്ല കൊടുക്കുന്നതെങ്കിൽ അതിനു കൂടുതൽ വില മേടിക്കാമൊ?

MR. A. NARAYANA PILLAI (*Vaikam*) : സ്ത്രീകൾക്കു ശരിയായ വിദ്യാഭ്യാസം നൽകുന്നില്ല; അതുകൊണ്ടു് അവർക്കു നൽകിക്കൊണ്ടിരുന്ന സൗജന്യം എടുത്തുകളഞ്ഞു എന്നുപറഞ്ഞാൽ ശരിയായിരുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapilli*) : ആവശ്യമില്ലാത്ത വിദ്യാഭ്യാസമാണു കൊടുത്തുവരുന്നതെങ്കിൽ അതിന്റെ വില വർദ്ധിക്കാതിരിക്കയല്ലേ വേണ്ടതു്?

MR. A. NARAYANA PILLAI (*Vaikam*): ആവശ്യമില്ലാത്ത വിദ്യാഭ്യാസമാണെന്നു പറഞ്ഞില്ല.

MR. JOSEPH KUNJU (*Changanachery cum Peermade*) : അനാവശ്യമായ വിദ്യാഭ്യാസത്തിനു് അനർഹമായ പ്രോത്സാഹനം കൊടുക്കുന്നതു ശരിയാണൊ?

MR. A. NARAYANA PILLAI (*Vaikam*): അനാവശ്യമാണെന്നും പറഞ്ഞില്ല.

MR. KAYALAM PARAMESVARAN PILLAI (*Addltional Head Sirkar Vakil*): പുരുഷന്മാർ ആവശ്യപ്പെടുന്ന വിദ്യാഭ്യാസംതന്നെ സ്ത്രീകളും വേണമെന്നു പറഞ്ഞാൽ പുരുഷന്മാരോടു വാങ്ങിക്കുന്ന വിലതന്നെ സ്ത്രീകളോടും വാങ്ങിക്കുണ്ടൊ?

MR. A. NARAYANA PILLAI (*Vaikam*): തിരുവനന്തപുരം, കോട്ടയം ഈ രണ്ടു സ്ഥലങ്ങളിലേ അങ്ങിനെയുള്ള വിദ്യാഭ്യാസത്തിനു സൗകര്യമൊള്ളു.

MRS. ANNA CHANDI (*Nominated*): പുരുഷന്മാരെപോലെയുള്ള വിദ്യാഭ്യാസം തന്നെ വേണമെന്നു ശഠിച്ചതുകൊണ്ടാണൊ സ്ത്രീകൾക്കു അതേ വിദ്യാഭ്യാസം തന്നെ ഗവണ്മെന്റു തരുന്നതു്?

MR. A. NARAYANA PILLAI (*Vaikam*): അങ്ങിനെ ശഠിച്ചിട്ടുള്ളതായി കാണുന്നില്ല.

കോട്ടയം, തിരുവനന്തപുരം എന്നീപട്ടണങ്ങളിൽ സൗകര്യമുള്ളതുകൊണ്ടു വലിയ ഉദ്യോഗസ്ഥന്മാരുടെ പെൺകുട്ടികളെ പള്ളിക്കൂടങ്ങളിൽ ഉയർന്ന ക്ലാസുകളിൽ അയച്ചുപഠിപ്പിക്കുന്നു. അതിനാൽ സ്ത്രീകൾ

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം വിദ്യാഭ്യാസം ചെയ്യുന്നുണ്ടെന്നുള്ള ഒരു തെറ്റിദ്ധാരണ ഗവണ്മെൻറിനുണ്ടായി.

MRS. ANNA CHANDI (*Nominated*): ഫീസ് സൌജന്യം നിൎത്തൽ ചെയ്തതുകൊണ്ട് സ്ത്രീകളെവേണ്ടവിധത്തിൽ വിദ്യാഭ്യാസം ചെയ്യിക്കാൻ പോകുന്നുഎന്ന ഗവണ്മെൻറ് കരുതിചെയ്തിട്ടുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*) : യാതൊരുകാരുമില്ലാതെഫീസു സൌജന്യംഎടുത്തു കളയുകയാണുചെയ്തത്.

നാട്ടിൻപുറങ്ങളിലുള്ള സ്ത്രീകൾക്കു വിദ്യാഭ്യാസത്തിനു യാതൊരുവഴിയുമില്ലാതെ വിഷമിക്കുകയാണ്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): പുരുഷന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വഴിയില്ലാതെവിഷമിക്കുന്നവരുമുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*) : ഇല്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*) : ഇതുവരെ വിദ്യാഭ്യാസം ചെയ്യിച്ചതെങ്ങിനെയാണ്?

MR. A. NARAYANA PILLAI (*Vaikam*) : ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലാണ് കൂടുതൽ ആളുകളും ഭ്രമിക്കുന്നതു്. നാട്ടിൻപുറങ്ങളിൽ മിക്കവാറും സ്ഥലങ്ങളിൽ അതിലേക്കുള്ള സൌകൎയ്യമില്ല. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് അഡ്മിനിസ്ട്രേഷൻറിപ്പോർട്ടിൽ—

MR K. P. NILAKANTA PILLAI (*Chirayinkil*): പുരുഷന്മാർക്കുള്ള ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പെൺകുട്ടികൾക്കു പ്രവേശനം നിരോധിച്ചിട്ടുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*): നിരോധിച്ചിട്ടില്ല. പക്ഷേഅധികമായി ആരുംപോകാറില്ല.

MR. K. KUNJUKRISHNA PILLAI (*Quilon*): ആൺപള്ളിക്കൂടങ്ങളിലുള്ള പെൺകുട്ടികളുടെ സംഖ്യ പെൺപള്ളിക്കൂടങ്ങളിലുള്ളപെൺകുട്ടികളെക്കാൾക്കൂടുതലാണെന്നറിയാമോ?

MR. A. NARAYANA PILLAI (*Vaikam*): അറിഞ്ഞുകൂടാ.

MR. K. KUNJUKRISHNA PILLAI (*Quilon*) : എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് അഡ്മിനിസ്ട്രേഷൻറിപ്പോർട്ടിൽ Co-eduction എന്നഭാഗം വായിച്ചുനോക്കിയാൽഅങ്ങിനെകാണാം.

MR. RAMA VARMA RAJA (*Edavgai*): പെൺപള്ളിക്കൂടങ്ങളിൽ നിന്നും സർട്ടിഫിക്കറ്റുവാങ്ങി ആൺപള്ളിക്കൂടങ്ങളിൽ പോയി ചേരുന്നുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. NARAYANA PILLAI (*Vaikam*): അറിഞ്ഞുകൂടാ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരുന്നു പഠിക്കുന്നതിൽ വിരോധമുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*): അതു് ഒരോരുത്തരുടെ ഇഷ്ടം പോലെ ചെയ്യാം.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): സ്കൂൾ ഏതായാലും ഫീസുവ്യത്യാസമുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*): ഇല്ല.

സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട ഒരു പഠനരീതി ഒരു പള്ളിക്കൂടത്തിൽ പരീക്ഷിച്ചു നോക്കിയതിൽ അതു കുട്ടികൾക്കു രുചിക്കുന്നില്ലെന്നു കണ്ടതിൽ നിർത്തൽചെയ്തതായി കാണുന്നുണ്ടു്. എന്നാൽ ആ രീതിയിലുള്ള ഒരു പഠനരീതി ഏർപ്പെടുത്തി അവരെ നിർബന്ധമായി പഠിപ്പിക്കണം. ഇതുയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചു കൊള്ളുന്നു.

MR. E. G. MCALPINE (*Director of Public Instruction*): Before I speak, Sir, I would like two members to speak. Government considered this question of fee concessions, and naturally they were influenced by the fact that the majority of the non-official members of this House in the Retrenchment Committee were in favour of it. I notice with regret, that Mr. S. Krishna Pillai is not here to speak, and Mr. Nadar, who is here, has refrained from speaking. I should be very glad if Mr. Nadar would express his views on the subject.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): നാൺ അഫിഷ്യൽമെംബർമാരെ ഈ കൌൺസിലിൽനിന്നും നിയമിച്ചില്ലെന്നു മെംബർക്കറിയാമൊ?

MR. E. G. MCALPINE (*Director of Public Instruction*): I am naturally disappointed. Sir, out of the two members on the Retrenchment Committee who were in favour of this proposal, one is absent and the other, who is now here, does not seem to be willing to speak in spite of my special request to him to do so. As I said, Government were naturally influenced by the fact that of the three non-official members of the Retrenchment Committee a definite and clear majority was in favour of this proposal.

MR. K. KUNJUKRISHNA PILLAI (*Quilon*): Is the member aware that Government have not given effect to some of the unanimous recommendations of the Retrenchment Committee?

MR. E. G. MCALPINE (*Director of Public Instruction*): I am not concerned with them now. My specific point is about the question of the raising, girls school fees; and the majority of the non-official members of the Retrenchment Committee was in favour of it.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*) : Is not the member aware that the members of the Retrenchment Committee were not *elected* by this House?

MR. E. G. MCALPINE (*Director of Public Instruction*) : I am fully aware of that. But that has nothing to do with the point.

MR. A. THANU PILLAI (*Trivandrum*) : May I know whether it was not a unanimous recommendation of the Retrenchment Committee that the Training College might be suspended?

MR. E. G. MCALPINE (*Director of Public Instruction*) I am not now interested in any question other than the question of girls' school fees. As I said, on the one point about the raising of girls' school fees, out of the three non-official members, whether, elected or otherwise, two were in favour of it.

Government were very naturally influenced by that fact ; but in view of the fact that the trend of the discussion to-day indicates that there is a strong feeling in the House that this enhancement of fees is at the moment premature, I am authorised to state that Government are willing to reconsider the whole question.

Sir, before I go on any further may I know what time I have. Something like ten motions have been discussed together, and several important points have been raised.

PRESIDENT : I shall give you some latitude.

MR. E. G. MCALPINE (*Director of Public Instruction*) ; Thank you, Sir.

One of the earlier speakers, Mr. A. S. Damodaran Asan, raised the question of the delay in payment of stipends, and the same point was alluded to by Mr. Chandi. The delay is due to the fact that, under Article 106 of Education Code as corrected in note 2 of Article 125 of the T. S. R. teachers who are acting in permanent vacancies are not entitled to the stipend without the specific sanction of Government and, as soon as this difficulty was pointed out to me by the Inspector of Vernacular Schools, I at once pressed the Government for the necessary sanction ; and orders have recently been issued by Government.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I do not hear.

MR. E. G. MCALPINE (*Director of Public Instruction*) : I say that there was some technical difficulty under the T. S. R. As the teachers were only acting, they were not eligible for the stipends except with the specific sanction of Government. As soon as the Inspector of Vernacular Schools drew my attention to this fact, I pressed Government for the necessary sanction ; the necessary orders have since been issued. There will be no more difficulty about it.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Will the amount be disbursed before the close of the year 1107? Otherwise, there may be other difficulties.

MR. E. G. MCALPINE (*Director of Public Instruction*) : I am not quite sure of that.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Will the Director see that such technical difficulties, arising next year, do not cause any delay?

MR. E. G. MCALPINE (*Director of Public Instruction*): Certainly.

MR. K. C. CHANDI (*Minachil* cum *Devicolam*) May I know whether all scholarships have been disbursed?

MR. E. G. MCALPINE (*Director of Public Instruction*): I am coming to the points raised by Mr. Chandi.

MR. A. THANU PILLAI (*Trivandrum*): May I know whether orders have been passed with reeard to stipends to graduatk teachers also?.

MR. E. G. MCALPINE (*Director of Public Instruction*): There has been no complaint of delay as regards the graduate teachers.

MR. A. THANU PILLAI (*Trivandrum*): May I know what action Government have taken on the recommendation of the Retrenchment Committee in regard to the stipends to be paid to graduate teachers?

MR. E. G. MCALPINE (*Director of Public Instruction*): No action has been taken on that. It is still pending consideration.

